# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ. 1106

12/06/2014-ൽ
മറുപടിയ്ക്ക്

## പോളിടെക്നിക്കുകൾ കമ്മ്യൂണിറ്റി കോളേജുകൾ ആക്കാൻ പദ്ധതി

**ചോദ്യം**
ശ്രീ. എം.വി.ശ്രേയാംസ് കുമാർ :

**മറുപടി**
ശ്രീ.പി.കെ.അബ്ദുറബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | പോളിടെക്നിക്കുകൾ കമ്മ്യൂണിറ്റി കോളേജുകളാക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) | കേന്ദ്ര സർക്കാരിന്റെ പദ്ധതിയായ കമ്മ്യൂണിറ്റി കോളേജ് സ്കീം, സംസ്ഥാനത്തെ സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനമായ പോളിടെക്നിക്കുകൾ സമീപത്തുള്ള ആർട്സ് ആന്റ് സയൻസ് കോളേജുകൾ, വ്യവസായ സ്ഥാപനങ്ങൾ എന്നിവയുടെ സംയുക്ത പദ്ധതിയാണ്. തുടക്കമെന്ന നിലയിൽ കേരളത്തിൽ ആറ്റിങ്ങൽ, കോട്ടയം, തൃശ്ശൂർ, ഷൊർണ്ണൂർ, പെരിന്തൽമണ്ണ എന്നീ അഞ്ചു സ്ഥലങ്ങളിൽ ഇക്കൊല്ലം കമ്മ്യൂണിറ്റി കോളേജ് സ്കീം നടപ്പിലാക്കാനുള്ള നടപടികൾ നടന്നുവരുന്നു. ജൂലൈയിൽ കുട്ടികൾക്ക് പ്രവേശനം നൽകി ക്ലാസ്സുകൾ ആരംഭിക്കുന്നതാണ്. |
| (ബി) | ഇതിനായി ഏതെങ്കിലും പദ്ധതി കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ? | (ബി) | കേന്ദ്രസർക്കാരിന് സമർപ്പിച്ച മേൽപ്പറഞ്ഞ പോളിടെക്നിക്കുകൾക്ക് പ്രവർത്തനാനുമതി ലഭിക്കുകയും, പ്രാരംഭ പ്രവർത്തനങ്ങൾക്കുള്ള ഫണ്ടുകൾ ലഭിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ